## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1750 — 03.05.2017 ൽ മറുപടിയ്ക്ക്

### വടകരയിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ

ചോദ്യം
ശ്രീ. സി.കെ.നാണു

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വടകര നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതെല്ലാം ഭാഗങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വടകര നിയോജകമണ്ഡലത്തിലെ പണിക്കോട്ടി, കുരിക്കിലാവ്, കുരിയാടി, പുറങ്കര, പഴങ്കാവ്, മേപ്പയിൽ, മാലോൽമുക്ക് എന്നീ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നു. |
| (ബി) | കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ? | (ബി) | സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് നടപ്പിൽ വരുത്തുന്നത്. കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമാകുന്ന സമയത്താണ് പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സാധിക്കുന്നത്. കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ